# ഉണ്ണായിവാരിയർ സ്മാരക കലാനിലയം പ്രതിസന്ധിയിൽ

അഡ്വ. വിനോദ് ജബ്ബാർ



"മാനവീയം" എന്ന കലാസാംസ്കാരിക മാമാങ്കവും സാംസ്കാരികനയവും ആഘോഷിക്കുന്നതിനിടയിൽ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിൽ ഒരു കലാനിലയം സർക്കാരിന്റെ അവഗണനയിൽപെട്ട് നശിച്ചുതീരുന്നു. കേരള കലാമണ്ഡലം കഴിഞ്ഞാൽ കഥകളി പഠന രംഗത്ത് ഒട്ടേറെ സംഭാവനകൾ നല്കിയിട്ടുള്ള ഈ കലാനിലയം അടച്ചുപൂട്ടാനുള്ള നീക്കത്തിലാണ് സർക്കാർ. കലാനിലയത്തിലെ അദ്ധ്യാപകരും ജീവനക്കാരും കഴിഞ്ഞ മൂന്ന് മാസമായി ശമ്പളമില്ലാതെ ജോലി ചെയ്യാൻ നിർബന്ധിതരായി. ശമ്പളം നൽകാൻ ബാദ്ധ്യസ്ഥരായ ഭരണസമിതി സർക്കാരിനെ കുറ്റം പറഞ്ഞ് കൈയ്യൊഴിയുകയാണ്.

മഹാപ്രതിഭയായിരുന്ന ഉണ്ണായിവാരിയരുടെ പുരത്തറയിൽതന്നെ ഇരിങ്ങാലക്കുടയിലെ 'കഥകളി ഭ്രാന്തൻമാർ' പണിത സ്മാരകമാണ് ഉണ്ണായിവാരിയർ സ്മാരക കലാനിലയം എന്ന കഥകളി വിദ്യാലയം. കഥകളിയുടെ വിവിധ ഇനങ്ങളായ വേഷം, പാട്ട്, ചെണ്ട, മദ്ദളം, ചുട്ടി/കോപ്പുപണി എന്നീ അഞ്ചു വിഷയങ്ങളിൽ പഴയ ഗുരുകുല സമ്പ്രദായത്തിൽ കാലോചിതമായ മാറ്റങ്ങളോടുകൂടി പരിശീലനം നൽകി വരുന്ന ഈ വിദ്യാലയത്തിൽ നിന്ന് കലാകേരളത്തിന് ലഭിച്ചിട്ടുള്ള പ്രതിഭകൾ ഒട്ടേറെയാണ്. 1955ൽ കൂടൽമാണിക്യ ക്ഷേത്രസന്നിധിയിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം ദേവസ്വത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. പ്രാരംഭത്തിൽ നാല് അധ്യാപകരും ഏഴ് വിദ്യാർത്ഥികളും ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ പത്ത് സ്ഥിരാദ്ധ്യാപകരും 22 വിദ്യാർത്ഥികളുമാണുള്ളത്.

1984ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളവും വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപെൻഡും ഉൾപ്പെടെ 10 ലക്ഷത്തിലധികം വരുന്ന സംഖ്യക്ക് പകരമാണ് കടമ്മനിട്ട കമ്മീഷൻ 8 ലക്ഷം രൂപ അനുവദിച്ചത്.

ഈ സ്ഥാപനത്തിൽ ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികൾ അദ്ധ്യാപകരുടെ സമരം ന്യായമാണെന്നും, സർക്കാർ കലാനിലയത്തോട് നീതിപുലർത്തണമെന്നും ആവശ്യപ്പെടുന്നതോടൊപ്പം തങ്ങളുടെ അദ്ധ്യയനം മുടങ്ങാതെ കാര്യങ്ങൾ നടത്താൻ ഭരണസമിതിക്ക് ഉത്തരവിദിത്വമുണ്ടെന്നും പറയുന്നു. മാർച്ച് മാസത്തിൽ നടക്കേണ്ട വാർഷികപരീക്ഷകൾ നടന്നില്ല. മാസംതോറും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്റ്റൈപെൻഡും ലഭിക്കുന്നില്ല. കഥകളി വിദ്യാർത്ഥികൾക്ക് നിർബന്ധമായും ലഭിക്കേണ്ട ഒട്ട്മാസത്തെ ഉഴിച്ചിൽ ഈ വർഷം നടത്താനായിട്ടില്ല.

ഉണ്ണായിവാരിയർ എന്ന മഹാനായ കലാകാരന്റെ സ്മരണയ്ക്കായി തീർത്ത കലാനിലയത്തിന്റെ ദുരവസ്ഥ കലാകേരളത്തിന്റെ മനസ്സാക്ഷിയോട് ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. പലതും നേടിയെടുക്കാനുള്ള ശ്രമത്തിൽ മലയാളിയുടെ സാംസ്കാരിക ജീവിതത്തിലെ പൊൻതൂവലുകൾ കൊഴിയുന്നത് ആരും അറിയാതെ പോകുന്നു. ദൃശ്യ-ശ്രാവ്യ മേഖലയിൽ കേരളത്തിന്റെ പാരമ്പര്യകലയായിരുന്ന കഥകളിയെപോലും അവഹേളിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഇവിടെ വളർന്ന് വരുന്നു. കഥകളിയുടെ നാട് എന്നറിയപ്പെടുന്ന കേരളത്തിന് ഈ കലയും വേണ്ടാതാകുന്നു. തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറേണ്ട സാംസ്കാരിക കേരളത്തെ സമ്പുഷ്ടമാക്കാൻ ഇറങ്ങി പുറപ്പെട്ട 'മാനവീയക്കാർ' കോടികൾ ചിലവിടുമ്പോഴും കേരളത്തെ കലയുടെ നാടാക്കിയ കഥകളിയെ മാത്രം വിസ്മരിക്കുന്നതെന്തുകൊണ്ട്?